## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T) യുടെ നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ – 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

സൂചന :- 1. മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ എ8-5258/2021/, തീയതി. 02.06.2021 കത്ത്

2. MI(R)-1 1042/93/KPSC, MLPM, Dated: 27.04.2000

3.ഉത്തരവ് നമ്പർ എ1(എ5)-4703/99/ജി.മെ.ഒ, മഞ്ചേരി, തീയതി. 10.05.2000

4. ഉത്തരവ് നമ്പർ ഇ. എസ്5-29955/2011/ആ.വ.ഡ, തീയതി. 07.05.2012

5. 31.08.2021 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

### ഉത്തരവ് നം. ഇ.എസ്5/29955/2011/ആ.വ.ഡ/തീയതി : 12/10/2021

ആരോഗ്യ വകുപ്പിൽ 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഓമാനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. അബ്ദുൾ നാസർ. എം. ടി. നൽകിയ അപേക്ഷ സൂചന 1 കത്ത് പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ അയച്ചു തന്നിരുന്നു.

ആരോഗ്യ വകുപ്പിൽ 01.01.1997 മുതൽ 31.12.2010 വരെ കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ സൂചന 4 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

ശ്രീ. അബ്ദുൾ നാസർ. എം. ടി. സൂചന 2, 3, പ്രകാരമുള്ള പി. എസ്. സി അഡ്വൈസിന്റെയും, ജില്ലാ മെഡിക്കൽ ഓഫീസറുടെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 22.05.2000 ൽ ജോലിയിൽ പ്രവേശിച്ചു. ടിയാൻ പ്രൊബേഷൻ പൂർത്തീകരിച്ചതിനു ശേഷം വിദേശത്ത് ജോലിക്കായി 30.05.2007 മുതൽ 29.05.2012 വരെയും പിന്നീട് 10.11.2012 മുതൽ 08.11.2017 വരെയും ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 09.11.2017 ന് തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

ടിയാന് 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. ചന്ദ്രബോസ്. വി. പി (Rank No. 223), ശ്രീ. അബ്ദുൾ മജീദ്. പി (Rank No. 224), എന്നീ ജീവനക്കാരുടെ ഇടയ്ക്കായി സ്ഥാനം ലഭിക്കാൻ അർഹതയുണ്ട്. ആയതിനാൽ ശ്രീ. അബ്ദുൾ നാസർ. എം. ടിക്ക് 223 (A) എന്ന സ്ഥാനം താൽക്കാലികമായി നൽകാൻ തീരുമാനിച്ച് മേൽ സൂചന 5 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ടി വിഷയത്തിൽ ആക്ഷേപങ്ങളോ, പരാതിയോ ഉണ്ടെങ്കിൽ സമർപ്പിക്കാൻ മതിയായ സമയം നൽകിയിരുന്നെങ്കിലും പരാതികളോ, ആക്ഷേപങ്ങളോ നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ശ്രീ. അബ്ദുൾ മജീദ്. പി, ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ന് 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 സീനിയോറിറ്റി പട്ടികയിൽ 223 (A) എന്ന സ്ഥാനം അനുവദിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

വിശദമായി പട്ടിക ചുവടെ ചേർക്കുന്നു.

| Sl. No | Name PEN No | Date of Birth | Qualification | PSC Advice Order No & Date | Date of entry in Service | Date assigning seniority | Rank No. in Seniority list of Lab Tech Gr. II (01.01.1997 to 31.12.2010) | Remarks |
|---|---|---|---|---|---|---|---|---|
| 1 | **Abdul Nazer. M. T, 304895** | **22.05.1967** | **BA, MLT** | MI(R)-1 1042/93/KPSC, MLPM, Dated: 27.04.2000 | 22-05-2000 | **27-04-2000** | **223 (A)** | LWA from 30.05.2007 to 29.05.2012 & 10.11.2012 to 08.11.2017 |

ഒപ്പ്/-
ഡോ. സെമീറ. എ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

**സ്വീകർത്താവ്**

1. **എല്ലാ ജില്ലാ മെഡിക്കൽ ഓഫീസമാർക്കും**
   **(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)**

പകർപ്പ്

1. **മെഡിക്കൽ ഓഫീസർ, സാമൂഹ്യാരോഗ്യ കേന്ദ്രം, ഓമാനൂർ, മലപ്പുറം**
2. **ശ്രീ. അബ്ദുൾ നാസർ. എം. ടി, ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2, സാമൂഹ്യാരോഗ്യ കേന്ദ്രം, ഓമാനൂർ, മലപ്പുറം**
3. **സൂപ്രണ്ട്, ഇ. എഫ്. സെക്ഷൻ**
4. **ഫയൽ/കരുതൽ ഫയൽ**

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്